**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 916** **11-02-2025 - ൽ മറുപടിയ്ക്ക്**

**കോട്ടയം ജില്ലയിലെ നഗരവനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | ചെറു വനങ്ങൾ സൃഷ്ടിക്കുന്ന പദ്ധതിപ്രകാരം കോട്ടയം ജില്ലയിൽ എവിടെയെല്ലാമാണ് നഗരവനങ്ങൾ സൃഷ്ടിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | ചെറു വനങ്ങൾ സൃഷ്ടിക്കുന്ന പദ്ധതി പ്രകാരം കോട്ടയം ജില്ലയിൽ 2022-23 വർഷത്തിൽ എസ്.ഡി കോളേജ്, കാഞ്ഞിരപ്പള്ളിയിലും, 2024-25 വർഷത്തിൽ എസ്.ബി കോളേജ്, ചങ്ങനാശ്ശേരി, ബിഷപ്പ് സ്പീച്ചിലി കോളേജ് ഫോർ അഡ്വാൻസ്ഡ് സ്റ്റഡീസ്, പള്ളം എന്നിവിടങ്ങളിലുമായി ആകെ 3 നഗര വനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഭാഗമായി ഏതെല്ലാം വൃക്ഷതൈകളാണ് നട്ടുപിടിപ്പിക്കുന്നതെന്നും അവയുടെ പരിപാലന ചുമതല ആർക്കാണെന്നും വിശദമാക്കുമോ? | (ബി) | മരവുരി, താന്നി, ആഞ്ഞിലി, കറവേങ്ങ, അകിൽ, പേരാൽ, മാവ്, കമ്പകം, വെള്ളപ്പൈൻ, ചമത, ഭദ്രാക്ഷം, അത്തി, അരയാൽ, മണിമരുത്, ആറ്റുകടമ്പ്, നെല്ലി, അമ്പഴം, കാവാലം, കടുക്ക, മരുത്, കരിമരുത്, ഏഴിലം പാല, വല്ലഭം, കണിക്കൊന്ന, കുടപ്പന്ന, പൂച്ച കടമ്പ്, ആനത്തോണ്ടി, പുന്ന, പ്ലാവ്, കുന്തിരിക്കം, ചൂണ്ടപ്പന, കുടപ്പന, കരിമരം, പനച്ചി, കാര, കുടംപുളി, പൊങ്ങ്, ചെമ്പകം, ഇലഞ്ഞി, കാട്ടുജാതി, കാട്ടുഞാറ, നീർമരുത്, കൂവളം, പൂവരശ്ശ്, കാഞ്ഞിരം തുടങ്ങി 250-ൽപ്പരം വൃക്ഷത്തൈകളും, 200-ഓളം കുറ്റിച്ചെടികളും, ഔഷധികളുമാണ് നട്ടുപരിപാലിക്കുന്നത്. ടി നഗരവനങ്ങളുടെ പരിപാലന ചുമതല ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ രൂപീകരിച്ചിരിക്കുന്ന ഫോറസ്ട്രി ക്ലബ്ബുകളിൽ നിക്ഷിപ്തമാണ്. |

സെക്ഷൻ ഓഫീസർ